# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1845** **04.05.2017-ൽ മറുപടിയ്ക്ക്**

**ഭാഗ്യക്കുറിയുടെ സമ്മാന ഘടന**

| | ചോദ്യം<br>ശ്രീ. കെ.ആൻസലൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീ. യു.ആർ.പ്രദീപ്<br>ശ്രീ. ഐ.ബി.സതീഷ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാന ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) മുഖവില 30/- രൂപയാക്കി ഏകീകരിച്ച് കൊണ്ടും സമ്മാനങ്ങളുടെ എണ്ണത്തിലും ശതമാനത്തിലും വർദ്ധനവ് വരുത്തിയും ഏജന്റുമാർക്കുള്ള ഡിസ്കൗണ്ട് മൂന്ന് സ്ലാബുകളിലായി നിജപ്പെടുത്തിയും (2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10000 വരെ 27%, 10000-ന് മുകളിൽ 28%) 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടനകൾ പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലുണ്ട്. 10 പരമ്പരകളിലായി പരമാവധി 90 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നത്. |
| (ബി) | ഭാഗ്യക്കുറി ടിക്കറ്റുകളുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം ക്ഷേമനിധിയിലേക്ക് അംശദായമായി അടയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സർക്കാർ ഓരോ വർഷവും സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് വഴി ശേഖരിക്കുന്ന ടിക്കറ്റുകളുടെ മൊത്തം വിറ്റുവരവിന്റെ ഒരു ശതമാനം ക്ഷേമനിധിയിലേക്കുള്ള അംശാദായമായി അടയ്ക്കേണ്ടതാണെന്ന് ക്ഷേമനിധി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുപ്രകാരം ഓരോ പുതിയ പദ്ധതികളുടെ നടത്തിപ്പിനും ആനുകൂല്യങ്ങൾ കുടിശ്ശിക ഇല്ലാതെ അനുവദിക്കുന്നതിനും ആവശ്യമായ തോതിൽ ഫണ്ട് അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ ക്ഷേമനിധി അംഗങ്ങളുടെ ഏതെല്ലാം കാര്യങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അനുവദിച്ചു വരുന്ന ചികിത്സാധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, മരണാനന്തര ധനസഹായം, വിവിധ പെൻഷനുകൾ എന്നിവയും ഓണം ബോണസ് വിതരണം ചെയ്യുന്നതിനും അംഗങ്ങളുടെ മക്കൾക്കുള്ള വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി, അംഗങ്ങളായ ഭാഗ്യക്കുറി വിൽപ്പനക്കാർക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി, അംഗങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ്, അപകട മരണ ഇൻഷ്വറൻസ് എന്നിവ നടപ്പാക്കുന്ന പദ്ധതി എന്നീ പുതിയ പദ്ധതികൾക്കുമായി പ്രസ്തുത തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.